## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 3960** **21.06.2019-ൽ മറുപടിയ്ക്ക്**

### സ്ഥിരനിക്ഷേപം തിരികെ നൽകുവാൻ നടപടി

**ചോദ്യം**

**ശ്രീ.മുരളി പെരുനെല്ലി**

(എ) തൃശ്ശൂർ ജില്ലയിൽ കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്തിൽ മൂത്തേടത്ത് വീട്ടിൽ എം.പി.സിദ്ധാർത്ഥൻ, യു.ബി.ബീന എന്നിവർ തൃശ്ശൂർ ജില്ലയിലെ കേച്ചേരി പ്രിയദർശിനി സഹകരണ ആശുപത്രി ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിക്ഷേപിച്ച സ്ഥിരനിക്ഷേപം കാലാവധിയ്ക്കുശേഷവും തിരികെ നൽകിയിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പരാതി പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

**മറുപടി**

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
(ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) യും (ബി) യും ഉണ്ട്. ശ്രീമതി. യു.ബി.ബീനയും ശ്രീ. എം.പി.സിദ്ധാർത്ഥനും സമർപ്പിച്ച നിവേദനങ്ങൾ 05.06.2019-ൽ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ശ്രീമതി. യു.ബി ബീന, W/O എം.പി സിദ്ധാർത്ഥൻ മൂത്തേടത്ത് ഹൗസ് എന്നവർ തൃശ്ശൂർ ജില്ലയിൽ പ്രവർത്തിച്ചിരുന്ന പ്രിയദർശിനി സഹകരണ ആശുപത്രി ക്ലിപ്തം നമ്പർ 756 എന്ന സ്ഥാപനത്തിൽ 8-5-1995ൽ 13% പലിശ നിരക്കിൽ ഒരുലക്ഷം രൂപ നിക്ഷേപിച്ചിരുന്നു. പ്രസ്തുത നിക്ഷേപത്തിന്റെ കാലാവധി 2-11-1996-ന് ആയിരുന്നു. കാലാവധിക്ക് ശേഷം നിക്ഷേപ തുക തിരികെ നൽകാത്തതിനാൽ ശ്രീമതി. ബീന ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 17487/2005 കേസിലെ വിധി പ്രകാരം 2005 സെപ്റ്റംബർ മാസത്തെ അവസാന തീയതിക്ക് മുൻപ് 60,000 രൂപയും ബാക്കി തുകയും ആർജ്ജിച്ച പലിശയും 3 തുല്യ ഗഡുക്കളായി മൂന്നു മാസത്തെ ഇടവേളയിൽ കൊടുത്തു തീർക്കണം എന്ന് നിർദ്ദേശിക്കുകയും ചെയ്തു.

തുടർന്ന് സഹകരണ സംഘം രജിസ്ട്രാറുടെ 27-4-2012 ലെ സി.എസ്(1) 10438/12 നമ്പർ ഉത്തരവ് പ്രകാരം പ്രിയദർശിനി സഹകരണ ആശുപത്രി ക്ലിപ്തം നം. 756 ന്റെ പ്രവർത്തനങ്ങൾ നിലച്ചതിനെ തുടർന്ന് രണ്ട് ഏക്കർ സ്ഥലവും, കെട്ടിടവും

ടി ആശുപത്രിയുടെ ബാധ്യതകളും കൺസ്യൂമർ ഫെഡറേഷൻ ഏറ്റെടുത്തിരുന്നു. നിക്ഷേപകർക്ക് തുക ലഭിച്ചില്ല എന്ന പരാതി പരിഹരിക്കുന്നതിന്റെ ഭാഗമായി 26.06.2013-ന് തൃശ്ശൂർ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽ ഹിയറിംഗ് നടത്തുകയും ചെയ്തു. പ്രസ്തുത ഹിയറിംഗിൽ ഹർജിക്കാരായ ശ്രീമതി. യു.ബി.ബീനയും ഭർത്താവ് സിദ്ധാർത്ഥനും ഒഴികെ ഹാജരായ മറ്റെല്ലാ നിക്ഷേപകരും ഫിക്സഡ് ഡെപ്പോസിറ്റിന്റെ കാലാവധി കഴിയുന്നതുവരെ നിക്ഷേപ രശീതിയിലെ പലിശയും ആയതിന് ശേഷം മുതൽ സംഖ്യ തിരികെ നൽകുന്നതു വരെ 8% പലിശയിൽ സ്വീകരിച്ച് കണക്ക് അവസാനിപ്പിക്കുന്നതിന് തീരുമാനമെടുത്തിരുന്നു. ടി ഹിയറിംങ്ങിൽ മേൽ ഹർജിക്കാർക്കുവേണ്ടി ഹാജരായ വ്യക്തി മേൽ പ്രകാരമുള്ള തുക കൈപ്പറ്റുന്നതിന് സമ്മതമല്ല എന്ന് അറിയിച്ചിരുന്നു. ആയതിനാൽ കൺസ്യൂമർ ഫെഡറേഷൻ ഏറ്റെടുത്ത ബാധ്യതയുടെ പട്ടികയിൽ ശ്രീമതി. യു.ബി ബീനക്ക് നൽകാനുള്ള തുക ഉൾപ്പെട്ടിരുന്നില്ല. ഹർജിക്കാരിയുടെ പ്രിയദർശിനി സഹകരണ ആശുപത്രിയിലെ നിക്ഷേപ ഇനത്തിൽ ലഭിക്കാനുള്ള തുക ലഭ്യമാക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ നടപടി സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**